**പതിനാലാം കേരള നിയമസഭ**
**പതിനാലാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 733

30.01.2019 ലെ മറുപടിയ്ക്ക്.

## പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ഉന്നമനത്തിന് പദ്ധതികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. വി.പി. സജീന്ദ്രൻ** | | **എ. കെ. ബാലൻ**<br>പട്ടിക ജാതി - പട്ടിക വർഗ്ഗ പിന്നോക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ മന്ത്രി | |
| (എ) | കേന്ദ്രസർക്കാർ ജനസംഖ്യയുടെ 25 ശതമാനത്തോളം വരുന്ന പട്ടികവിഭാഗങ്ങൾക്ക് എണ്ണത്തിന് ആനുപാതികമായി കേന്ദ്ര പദ്ധതികളുടെ വിഹിതം വകയിരുത്താത്തതിനാലും, പഞ്ചവത്സര പദ്ധതി ഇല്ലാതാക്കിയതു മൂലവും, പട്ടികജാതി ഘടകപദ്ധതിയും, പട്ടികജാതി ഉപപദ്ധതിയും ഇല്ലാതാക്കിയ സാഹചര്യവും പ്രസ്തുത വിഭാഗത്തിന്റെ ശാക്തീ കരണത്തിന് തടസ്സമായതായി വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ ; | (എ) | കേന്ദ്രാവിഷ്കൃത പദ്ധതികളിൽ നിന്ന് അർഹമായ തുക സംസ്ഥാനത്തിന് ലഭിക്കാത്ത സ്ഥിതിയുണ്ട്. പ്രസ്തുത പ്രശ്നം മറികടക്കുന്നതിനായി സംസ്ഥാന പദ്ധതിയിൽത്തന്നെ ആവശ്യമായ വിഹിതം വകയിരുത്തുന്നുണ്ട് |
| (ബി) | എങ്കിൽ കേന്ദ്രസർക്കാരിന്റെ ഇത്തരത്തിലുള്ള നിലപാടുകൾക്ക് ബദലെന്ന നിലയിൽ പട്ടികജാതി/ പട്ടികവർഗ്ഗവിഭാഗങ്ങളുടെ ഉന്നമനത്തി-നായി എന്തെങ്കിലും പദ്ധതികൾ സംസ്ഥാന സർക്കാർ ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (ബി) | 2018 - 19 വാർഷിക ബഡ്ജറ്റ് അടങ്കലിന്റെ 9.81% തുകയാണ് പട്ടികജാതി ക്ഷേമ പദ്ധതികൾക്കായി വകയിരുത്തിയിട്ടുള്ളത്. സംസ്ഥാനത്തെ പട്ടികജാതി വിഭാഗങ്ങൾ ആകെ ജനസംഖ്യയുടെ 9.1% മാണെന്നിരിക്കെ ബജറ്റ് അടങ്കലിന്റെ 9.81% പട്ടികജാതി വിഭാഗങ്ങളുടെ ഉന്നമനത്തിനായി വകയിരുത്തിയിട്ടുണ്ട്. ഈ സാമ്പത്തികവർഷം 2859.62 കോടി രൂപയാണ് ഇതിലേക്ക് നീക്കിവച്ചത്. ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 6 ഓളം നൂതന വിദ്യാഭ്യാസ സാമ്പത്തിക |

| | | | |
|---|---|---|---|
| | | | ക്ഷേമ പരിപാടികൾ ആവിഷ്കരിച്ചിട്ടുള്ളതും ആയത് നടപ്പിലാക്കി വരുന്നതുമാണ്. പട്ടികവർഗ്ഗവിഭാഗവുമായി ബന്ധപ്പെട്ട് കേന്ദ്രസർക്കാർ ജനസംഖ്യാനുപാതത്തിലല്ല തുക വകയിരുത്തുന്നത്. സംസ്ഥാന സർക്കാർ ജനസംഖ്യാനുപാതത്തിന് മുകളിലാണ് പട്ടികവർഗ്ഗ വിഭാഗത്തിനായി തുക ബജറ്റിൽ വകയിരുത്തുന്നത്. കേന്ദ്രസർക്കാർ പ്രധാനമായും 1.45% വരുന്ന പട്ടികവർഗ്ഗ വിഭാഗത്തിന് 2.83% പദ്ധതി വിഹിതമാണ് ഇപ്പോൾ വകയിരുത്തുന്നത്. കേന്ദ്രസർക്കാർ പ്രധാനമായും തുക അനുവദിച്ചുനൽകുന്നത് വിദ്യാഭ്യാസം, ആരോഗ്യം, അടിസ്ഥാന സൗകര്യ വികസനം മുതലായവയ്ക്കാണ്. കേന്ദ്രഗവൺമെന്റ് ആവിഷ്കരിച്ച് നടപ്പിലാക്കിയ തൊഴിലുറപ്പ് പദ്ധതിയിൽ പട്ടികവർഗ്ഗക്കാർക്ക് നിലവിൽ അനുവദിച്ച് വരുന്ന 100 തൊഴിൽ ദിനങ്ങൾക്ക് പുറമേ നൂറ് ദിവസത്തെ അധിക തൊഴിൽ ദിനങ്ങൾകൂടി സൃഷ്ടിക്കുന്നതിന് ആവിഷ്കരിച്ച പദ്ധതിയാണ്, കേരളാ ട്രൈബൽ പ്ലസ്. കൂടാതെ മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതി പ്രകാരം കേന്ദ്രഫണ്ട് ലഭ്യമല്ലാത്ത സാഹചര്യത്തിൽ പട്ടികവർഗ്ഗക്കാർക്ക് മുൻകൂർവേതനം നൽകുന്ന പദ്ധതി അട്ടപ്പാടി, വയനാട് മേഖലയിൽ ആവിഷ്കരിച്ച് നടപ്പാക്കുന്നു. ഇതിനായി റിവോൾവിംഗ് ഫണ്ട് നൽകുന്ന പദ്ധതിയും സംസ്ഥാന സർക്കാർ ആവിഷ്കരിച്ചിട്ടുണ്ട്. |
| (സി) | പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ആസൂത്രണ പ്രക്രിയയിൽ പങ്കെടുത്ത് തങ്ങളുടെ ആഗ്രഹ പ്രകാരം പദ്ധതികൾ ആവിഷ്കരിക്കുവാൻ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് നീക്കിവെച്ചിട്ടുള്ള തുകയുടെ പരിധി ഉയർത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ; | (സി) | ഉയർത്തിയിട്ടില്ല. |
| (ഡി) | പ്രളയത്തിന്റെ പശ്ചാത്തലത്തിൽ പ്ലാൻ ഫണ്ടിനത്തിൽ അനുവദിച്ച തുകയിൽ 20 ശതമാനം കുറവ് വരുത്തിയത് പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ശാക്തീകരണത്തിന് തടസ്സമായിട്ടുണ്ടോ; വിശദമാക്കാമോ ? | (ഡി) | പ്ലാൻ ഫണ്ടിനത്തിൽ അനുവദിച്ച തുകയിൽ 20% കുറവ് വരുത്തിയത് പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ശാക്തീകരണത്തെ ബാധിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. വിദ്യാർത്ഥികൾക്ക് ലഭ്യമാക്കുന്ന വിദ്യാഭ്യാസാനുകൂല്യങ്ങൾ |

| | | | |
|---|---|---|---|
| | | | ഉൾപ്പെടെയുള്ള പരമപ്രധാനമായ പദ്ധതികളെ ഒഴിവാക്കിയാണ് പ്ലാൻ കട്ട് നടപ്പാക്കുന്നത് മോഡൽ റെസിഡൻഷ്യൽ സ്കൂൾ, പ്രീമെട്രിക് ഹോസ്റ്റലുകൾ മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവയുടെ ദൈനംദിന പ്രവർത്തനങ്ങളെ വെട്ടിക്കുറച്ചത് ബാധിക്കുന്നില്ല |

**സെക്ഷൻ ഓഫീസർ**